പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4818 4.7.2012 ൽ മറുപടിയ്ക്ക്

**പി.എസ്.സി യുടെ എൽ.ഡി.സി നിയമനത്തിനായുള്ള പരീക്ഷയിൽ ബധിര-മൂകർ, മൂകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്താൻ നടപടി**

ചോദ്യം

ശ്രീ.പി.ശ്രീരാമകൃഷ്ണൻ

മറുപടി

ശ്രീ.ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) കാറ്റഗറി നമ്പർ 427/10 പ്രകാരമുള്ള പി.എസ്.സി യുടെ എൽ.ഡി.സി നിയമനത്തിനായുള്ള പരീക്ഷയിൽ ബധിര-മൂകർ, മൂകർ എന്നീ വിഭാഗങ്ങളെ സ്യൂട്ടബിലിറ്റി ടെസ്റ്റിൽ പങ്കെടുപ്പിക്കേണ്ടതില്ല എന്നും ഇവരെ പ്രസ്തുത തസ്തികയിൽ നിയമിക്കേണ്ടതില്ല എന്നുമുള്ള പി.എസ്.സി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ബധിരർ എന്ന വിഭാഗത്തിൽപ്പെടുന്നവർ 90% പേരും സംസാരിക്കാത്ത ബധിരർ ആണെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ആയതിനാൽ സംസാരിക്കാത്ത ബധിര വിഭാഗങ്ങൾക്ക് ജോലി നിഷേധിക്കുന്നത് മനുഷ്യത്വഹീനപരമായ നടപടിയാണെന്ന് കരുതുന്നുണ്ടോ ;<br>(ഡി) എങ്കിൽ ഈ വിഭാഗത്തിന് മുൻപ് കിട്ടിയിരുന്ന ആനുകൂല്യം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി)യും (ഡി) യും<br>ബന്ധപ്പെട്ട ഉത്തരവുകളിൽ എന്തെങ്കിലും പിഴവോ അപാകതയോ മൂലം ഈ വിഭാഗത്തിന് മുൻപ് കിട്ടിയിരുന്ന ആനുകൂല്യം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഈ വിഷയത്തിലെ വിദഗ്ദ്ധ കമ്മിറ്റി ഇക്കാര്യം പരിശോധിച്ച്, കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ